# വലിയപറമ്പ
# ഗ്രാമ പഞ്ചായത്ത്
# 2024-25 വാർഷിക ബജറ്റ്

# ആമുഖം

വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2024-25 ബഡ്ജറ്റ് യോഗത്തിലേക്ക് എല്ലാവരേയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.ഏറെ അഭിമാനത്തോടെയാണ് ഈ ഭരണസമിതി ബഡ്ജറ്റിനെ അഭിമുഖീകരിക്കുന്നത്.വലിയപറമ്പ ഗ്രാമപഞ്ചായത്ത് ബഡ്ജറ്റ് ചരിത്രത്തിൽ ആദ്യമായി വികസന ഫണ്ടിനത്തിൽ ഏറ്റവും കൂടുതൽ തുക ലഭിക്കുന്ന കാസറഗോഡ് ജില്ലയിലലെ നാലാമത്തെ ഗ്രാമപഞ്ചായത്തായി നമുക്ക് മാറാനായിട്ടുണ്ട്.വികസന ഫണ്ടിനത്തിൽ മാത്രം 6,56,09,000 രൂപ ലഭിച്ചിട്ടുണ്ട്.ബഡ്ജറ്റിൽ ഇത്രയും തുക വകയിരുത്തിയ സംസ്ഥാന സർക്കാറിന് അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.ജനാധിപത്യം ശക്തിപ്പെടുന്നത് ജനങ്ങളുടെ പങ്കാളിത്തത്തോടെ ചെറുതും വലുതുമായ ഭരണ സംവിധാനങ്ങൾ അർത്ഥ പൂർണ്ണമായി പ്രവർത്തിക്കുമ്പോഴാണ്. സ്വാതന്ത്ര്യവും സുതാര്യവുമായ പ്രാദേശിക സർക്കാർ ആയി ശക്തി പ്രാപിക്കുന്നത് നേതൃത്വ ഗുണം പ്രകടിപ്പിക്കുമ്പോഴാണ്. ചേർന്നു നിൽക്കുകയും ചേർത്തു നിർത്തുകയും ചെയ്യുമ്പോഴേ പ്രാദേശിക ഭരണം അർത്ഥവത്താവു.പ്രാഥമിക ബജറ്റ് എന്നത് ക്ഷേമ സമൂഹം എന്ന ലക്ഷ്യത്തിലേക്കുള്ള വ്യക്തമായ ചൂണ്ടു പലകയാണ്. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ, നിന്ദിതരുടെ, പീഢിതരുടെ, അധഃസ്ഥിതരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന പദ്ധതികളാണ് വികസിച്ചു കൊണ്ടിരിക്കേണ്ടത്.സർക്കാറിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് 2024-25 വാർഷിക പദ്ധതികൾ അംഗീകരിക്കുന്നതിന് ആവശ്യമായ നടപടികളും ഇതോടൊപ്പം കൈക്കൊണ്ടു വരികയാണ്. തനത് വരുമാനവും വിഭവസമാഹരണ ലഭ്യതക്കുറവും പരിമിതികൾ ആണെങ്കിലും ലഭ്യമായ സ്രോതസ്സുകൾ ജനകീയവും ജനോപകാരപ്രദമായ തരത്തിലും രൂപപ്പെടുത്തുന്ന പ്രക്രിയയാണ് വലിയപറമ്പ ഗ്രാമപഞ്ചായത്ത് ഈ ബഡ്ജറ്റിലൂടെ പ്രാമുഖ്യം നൽകുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ ജനങ്ങളുടെയും സമഗ്രമായ സാമൂഹിക വികസനത്തിന് വിവിധ മേഖലകളിലുള്ള വികസന പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക എന്നതാണ് പഞ്ചായത്തിന്റെ അടിസ്ഥാനപരവും പ്രാഥമികവുമായ ഉത്തരവാദിത്തം.പ്രളയവും കോവിഡ് മഹാമാരിയും പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ സർക്കാരിനും ജനങ്ങൾക്കും ഒപ്പം നിന്ന് പ്രവർത്തിച്ചവരാണ് ജനപ്രതിനിധികൾ. വിവിധ മേഖലകളിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ തുടർച്ച സമയബന്ധിതമായി നടപ്പാക്കുന്നതിനു ഗ്രാമപഞ്ചായത്ത് ഏറെ ശ്രദ്ധ പുലർത്തി വരുന്നു.ഒരു നാടിന്റെ വികസനോന്മുഖമായ പുരോഗതിക്ക് ഊന്നൽ നൽകി കടലും കായലും അതിരിടുന്ന നിലയിൽ സമഗ്രമായ പദ്ധതികളാണ് ബഡ്ജറ്റ് അവതരണത്തിലൂടെ വിഭാവനം ചെയ്യുന്നത്. വാർഷിക പദ്ധതി രൂപപ്പെടുത്തുന്നതിലും പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിലും ഭരണസമിതി അംഗങ്ങൾ,ജീവനക്കാർ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ,വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ,ഘടക സ്ഥാപന ജീവനക്കാർ എല്ലാവരിൽ നിന്നും നിർലോഭമായ സഹകരണം ലഭ്യമായിട്ടുണ്ട്. വരും കാലങ്ങളിലും ഇത് പ്രതീക്ഷിക്കുകയാണ്. ഒരു നാടിനെ രൂപപ്പെടുത്താൻ ജനകീയാസൂത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ജനകീയാസൂത്രണം കാൽ നൂറ്റാണ്ട്

പൂർത്തീകരിച്ച ഈ കാലഘട്ടം പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാമത്തെ പദ്ധതി വർഷത്തിൽ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ളവർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പ് വരുത്തുന്നതിനും സുസ്ഥിര വികസന പാത പിന്തുടരുന്നതിനും എല്ലാവരും കൂടെയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വലിയപറമ്പ

09.02.2023

സ്നേഹപൂർവ്വം

വി വി സജീവൻ

പ്രസിഡന്റ്

വലിയപറമ്പ ഗ്രാമ പഞ്ചായത്ത്

## വലിയപറമ്പ ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2024-25

### അവതരണം - ശ്യാമള പി(വൈസ് പ്രസിഡണ്ട്, വലിയപറമ്പ ഗ്രാമപഞ്ചായത്ത്)

പ്രിയപ്പെട്ടവരെ,

ദീർഘവീക്ഷണത്തോടെയും വിശാലമായ കാഴ്ചപ്പാടോടെയും കൂടി തയ്യാറാക്കുന്ന വരവ് ചെലവ് കണക്കുകളുടെ പ്രതീക്ഷിത ക്രോഡീകരണമായി ഗ്രാമപഞ്ചായത്തുകളുടെ വരുന്ന സാമ്പത്തികവർഷത്തെ വികസനവും ആശയങ്ങളും രൂപപ്പെടുന്നതാണ് ഓരോ ബഡ്ജറ്റും.ഈ ഭരണസമിതിയുടെ നാലാമത്തേതും 2024-25 സമ്പത്തിക വർഷത്തേതുമായ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് ഏവരെയും ഏറെ അഭിമാനത്തോടെയും ചാരിതാർത്ഥ്യത്തോടെയും സ്വാഗതം ചെയ്യുന്നു. മുൻ പ്രതീക്ഷിത നീക്കി ബാക്കി **20,77,135** രൂപ അടക്കം ആകെ **21,85,05,485** രൂപ പ്രതീക്ഷിത വരവും **21,60,04,850** രൂപ പ്രതീക്ഷിത ചെലവും ഉൾപ്പെടെ **25,00,635** രൂപ നീക്കിയിരിപ്പ് പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് 2024-25 വർഷത്തേക്കായി തയ്യാറാക്കിയിട്ടുള്ളത്. ജനഹിതം മനസ്സിലാക്കി ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്ന വലിയപറമ്പ ഗ്രാമപഞ്ചായത്ത് ഭരണസമിതി കൂടുതൽ മെച്ചപ്പെട്ട ജീവിത നിലവാരവും വികസനവും നാടിന്റെ ഉന്നമനവും ലക്ഷ്യമിട്ടാണ് മുൻ വർഷങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളത്.ഇത് മികവോടെ തുടരും എന്ന ഉറപ്പുമായാണ് ഈ ബഡ്ജറ്റ് നിങ്ങളുടെ സമക്ഷം അവതരിപ്പിക്കുന്നത്. പ്രാദേശിക വികസനത്തിന്റെ നാൾ ഇതേവരെ ഉണ്ടായ പ്രശ്നങ്ങളും

പ്രതിസന്ധികളും മറികടന്നു ജനകീയമായ ഇടപെടലിനും കൂട്ടായ്മകൾക്കും ശക്തി പകർന്നു മികവാർന്ന ഒരു വികസന കാഴ്ചപ്പാട് മുന്നോട്ടു വെക്കാനും അതിനനുസരിച്ച് തിളക്കമാർന്ന നേട്ടങ്ങളിലേക്ക് മുന്നേറാനും നമുക്ക് ഒരുപരിധിവരെ സാധിച്ചിട്ടുണ്ട്.നാടിന്റെ പുരോഗതിയും മെച്ചപ്പെട്ട ജീവിത സാഹചര്യവും സാമൂഹ്യനീതിയും ഉറപ്പുവരുത്തിയുള്ള പ്രവർത്തനങ്ങളുമായി ഭരണസമിതി ജനങ്ങളോടൊപ്പം ഉണ്ട് എന്ന ചിന്ത ഓരോരുത്തരിലും ഉണർത്താൻ ഈ ചുരുങ്ങിയ കാലയളവ് കൊണ്ടു തന്നെ നമുക്ക് സാധിച്ചിട്ടുണ്ട്.ദുരിതങ്ങൾ നിറഞ്ഞ കാലത്തെ പിന്തള്ളി അതിജീവനത്തിന് മെച്ചപ്പെട്ട മാതൃകകൾ പടുത്തുയർത്തിയവരാണ് നമ്മൾ.പ്രളയവും കോവിഡും വരുത്തിയ ദൈനംദിന ജീവിതത്തിലെ മാറ്റങ്ങളെയും പ്രതിസന്ധികളെയും മറികടക്കാൻ നമുക്ക് കഴിഞ്ഞു.ഏതവസരത്തിലും താങ്ങും തണലുമായി എനിക്കൊപ്പം പ്രാദേശിക ഭരണകൂടവും ജനപ്രതിനിധികളുടെ സഹായ സഹകണവുമുണ്ട് എന്ന ബോധ്യം സാധാരണക്കാരിൽ ഉണ്ടാക്കിയ ആത്മവിശ്വാസം ചെറുതല്ല

## ഉൽപ്പാദന മേഖല

ഒരു നാടിനെ സ്വയം പര്യാപ്തമാക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉൽപ്പാദന മേഖലയുടെ വികസനവും വളർച്ചയും വലിയ പങ്കാണ് വഹിക്കുന്നത്. ഈ മേഖലയ്ക്ക് ആവശ്യമായ തുക സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി, കാലിത്തീറ്റ സബ്സിഡി,മുട്ടക്കോഴി വിതരണം,പശു വളർത്തൽ,മൃഗങ്ങളുടെ രോഗപ്രതിരോധം എന്നിവയും തെങ്ങിന് ജൈവവള വിതരണം, നെൽകൃഷിക്ക് കൂലിച്ചെലവ്,ഇടവിള കൃഷി,പച്ചക്കറികൃഷിക്ക് മൺചട്ടി വിതരണം,പച്ചക്കറി കൃഷി വികസന പദ്ധതി,പുഷ്പ കൃഷി,നിലകടല കൃഷി,രജിസ്റ്റർ ചെയ്ത സമിതികൾക്ക് കാട് വെട്ട് യന്ത്രം,ചോളം കൃഷി വ്യാപനം തുടങ്ങിയവയും മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി മത്സ്യബന്ധന വല വിതരണം, മത്സ്യബന്ധനത്തിന് വള്ളം വിതരണം,മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് വിതരണം,ഫർണിച്ചർ വിതരണം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുന്നതിനായി ആകെ 1,16,96,400 രൂപ ഉൽപ്പാദന മേഖലയിൽ ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സേവനമേഖല

നവകേരളം കർമ്മ പദ്ധതി 2 ൽ പെട്ട ആർദ്രം,ലൈഫ്,ഹരിതകേരളം, വിദ്യാകിരണം (പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം) എന്നീ നാല് മിഷനുകൾ സേവനമേഖലയിൽ

നിക്ഷിപ്തമായതിനാൽ നമുക്ക് ലഭിക്കുന്ന ഏറ്റവും കൂടുതൽ തുക നീക്കി വെക്കുന്നത് സേവന മേഖലയിലാണ്.വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി വിവിധ സ്കൂളുകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ,,വിവിധ അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ, അങ്കണവാടി പോഷകാഹാരം, അങ്കണവാടി ജീവനക്കാർക്കുള്ള അധിക ഹോണറേറിയം,എസ് എസ് കെ വിഹിതം, തുടർവിദ്യാഭ്യാസ പ്രവർത്തനം തുടങ്ങിയ പദ്ധതികൾക്കായി തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്

ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിൻറെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി ഭരണസമിതി പ്രത്യേകം ശ്രദ്ധ നൽകിയിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ആശ്വാസമായി സ്കോളർഷിപ്പ് നൽകുന്നതിന് 12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായും തുക വകയിരുത്തിയിട്ടുണ്ട്.സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുന്നതിനുള്ള ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി 26,318,847 രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട പദ്ധതികളാണ് ഭരണസമിതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.പഞ്ചായത്തിലെ പ്രധാന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് ജീവനക്കാരോടൊപ്പം ഭരണസമിതി പ്രത്യേകം താൽപര്യമെടുത്ത് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. .എഫ് എച്ച് സിയിൽ ഫിസിയോതെറാപ്പിക്ക് ആവശ്യമായ സൌകര്യങ്ങൾ ഒരുക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.മാടക്കാൽ ആയുർവ്വേദ ഡിസ്പെൻസറി ഹെൽത്ത് ആൻറ് വെൽനെസ് സെൻററായി ഉയർത്തുകയും സ്ഥാപനത്തെ ആയുർവ്വേദ സ്ത്രീ രോഗ ചികിത്സയുടെ സ്പെഷ്യാലിറ്റി കേന്ദ്രമായി ഉയർത്തുകയും ഇതിനായി ഒരു ഡോക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.സ്ത്രീ രോഗ ക്ലിനിക്കിന് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിന് പ്രഥമ പരിഗണന ഈ ബഡ്ജറ്റിൽ നൽകിയിട്ടുണ്ട്..വനിതാ ഘടക പദ്ധതിയിൽ വനിതാശാക്തീകരണം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

പഞ്ചായത്തിലെ ഖര-ദ്രവ മാലിന്യ നിർമ്മാർജനത്തിന് എല്ലാ വീടുകളിലും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള

അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ വീടുകളിൽ സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

## പശ്ചാത്തല മേഖല

ഈ ബജറ്റിൽ പശ്ചാത്തല സൗകര്യത്തിൻറെയും റോഡിൻറയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളുടെയും കാര്യത്തിൽ വളരെ പ്രാധാന്യം നൽകിയിട്ടുണ്ട്.ഒരു നാടിനെ മികച്ചതാക്കുന്നതിൽ അടിസ്ഥാന വികസന കാര്യത്തിൽ റോഡുകളും മറ്റു അനുബന്ധ പ്രവർത്തനങ്ങളും സുപ്രധാന പങ്കാണ് വഹിക്കുന്നത്.റോഡ് മെയിൻറനൻസ് പ്രവർത്തികൾക്കായി സംസ്ഥാന സർക്കാരിൻറെ വിവിധ ഫണ്ടുകൾ ലഭ്യമാക്കുന്നതിൽ ബഹു.എം രാജഗോപാലൻ എംഎൽഎ യുടെ ഇടപെടൽ ഏറെ പ്രശംസനീയമാണ്..തനത് വരുമാനം ലക്ഷ്യമിട്ടു കൊണ്ടും വിനോദസഞ്ചാര മേഖല പരിപോഷിപ്പിക്കുന്നതിനുമായി ഓപ്പൺ ഡിറ്റോറിയം നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## ടൂറിസം

അനന്ത സാധ്യതകളും അതിലേറെ പ്രതീക്ഷിക്കുന്ന വാതായനങ്ങളും തുറന്നിടുന്ന ഒന്നാണ് വലിയപറമ്പയുടെ ടൂറിസം കാഴ്ചപ്പാട്. പ്രശാന്തസുന്ദരവും, പ്രതീക്ഷകൾക്കപ്പുറത്തെ നിറ കാഴ്ചകളും , പ്രകൃതിയുടെ പറുദീസയായ വലിയപറമ്പയുടെ ഭൂപ്രകൃതിയും, ഹരിതാഭമായ പച്ചപ്പുകളും ടൂറിസത്തിന് ഏറെ വഴിതുറക്കുന്നുണ്ട്.കായലും കടലും അതിരിടുന്ന വലിയപറമ്പയുടെ സൗന്ദര്യം ആസ്വദിക്കാൻ നിത്യവും നിരവധി പേരാണെത്തുന്നത്. ഇനിയുമേറെ വലിയപറമ്പിന് മുന്നോട്ടു പോകാനാകും.സർക്കാരിന്റെ പ്രത്യേക ശ്രദ്ധ വലിയപറമ്പിന്റെ സർവ്വോന്മുഖമായ വികസന കാഴ്ചപ്പാടുകൾക്ക് വേഗം കൂട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.വലിയപറമ്പ,പുലിമുട്ട് എന്നിവിടങ്ങളിൽ കുട്ടികളുടെ പാർക്ക് നിർമ്മാണം പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാന സർക്കാരിൻറെ 2024-25 ബഡ്ജറ്റിൽ പഞ്ചായത്തിലെ ഒരിയറ ബീച്ച് ടൂറിസം പദ്ധതിക്ക് 2 കോടി രൂപ വകയിരുത്തിയത് ഏറെ അഭിമാനകരമാണ്.അതോടൊപ്പം ഈ തുക വകയിരുത്തിയ സംസ്ഥാന സർക്കാറിന് ഭരണസമിതി നന്ദി അറിയിക്കുന്നു. തീരദേശ

ഹൈവേയും, സ്റ്റീറ്റ് പദ്ധതിയും, വലിയപറമ്പ നാടിന്റെ മുഖച്ഛായ മാറ്റമെന്നത് ഏറെ പ്രതീക്ഷയോടെ കാണുകയാണ്.

## തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് തന്നെ മാതൃകയായി 1900 ലധികം സോക്പിറ്റുകൾ ക്യാമ്പയിനായി പൂർത്തീകരിച്ചത് ഭരണസമിതിയുടെയും,ജീവനക്കാരുടെയും തീരദേശ ജനതയുടെയും മികവിന്റെ ഒരു പൊൻതൂവലാണ്. കടൽ തീരത്തിന് ഒരു ഹരിത കവചം എന്ന പേരിൽ ആദ്യ ഘട്ടത്തിൽ 25,000 കാറ്റാടി തൈകളും രണ്ടാം ഘട്ടത്തിൽ 50,000 കാറ്റാടി തൈകളും വെച്ചുപിടിപ്പിക്കാനായത് നൂറ് തൊഴിൽദിനം എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം കടക്കുന്നതിന് സഹായകരമായിട്ടുണ്ട്. മേൽ പ്രവർത്തനം മൂലം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ ഇന്ത്യക്ക് തന്നെ മാതൃകയാകുന്ന തരത്തിൽ പ്രവർത്തനം കാഴ്ച വെക്കാനായിട്ടുണ്ട്.

കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി മാടക്കാൽ കണ്ടൽ സംരക്ഷണ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.10000 കണ്ടൽ തൈകളുടെ നഴ്സറി ഇതിനോടകം തന്നെ ഉൽപാദിപ്പിക്കുകയും ആയത് മുഖേന തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.വിവിധ ഇനം കണ്ടൽ ചെടികളുടെ ഒരു പഠനകേന്ദ്രം എന്ന നിലയിൽ ഉയർത്തിക്കൊണ്ടു വരുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

നീരുറവ പദ്ധതിയുടെ ഭാഗമായി തോടുകളും കുളങ്ങളും പുനരുജ്ജീവിപ്പിച്ച് കയർഭൂവസ്ത്രം വിരിക്കുന്നത് വഴി തൊഴിൽ ദിനം വർദ്ധിക്കുകയും ജലാശയങ്ങൾ വീണ്ടെടുക്കുകയും ചെയ്യുന്നു. തീര ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ കടൽത്തീരം സംരക്ഷിക്കാൻ ജൈവബണ്ട് നിർമ്മിക്കുന്നത് വഴി ഒരു പരിധിവരെ കരസംരക്ഷിക്കാൻ സാധിക്കുന്നു ഇതുമൂലം തൊഴിൽ ദിനങ്ങൾ വർദ്ധിക്കുന്നു.

## ഉപസംഹാരം.

കുന്നോളം ആവശ്യങ്ങളും കുന്നിക്കുരുവോളം വിഭവങ്ങളുമുള്ള പഞ്ചായത്തുകളിൽ ഒന്നാണ് വലിയപറമ്പ ഗ്രാമപഞ്ചായത്ത്.പരിമിതികൾക്കിടയിലും നികുതി പിരിവിൽ കഴിഞ്ഞ 4 വർഷങ്ങളിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം നേടാനും വകുപ്പ് മന്ത്രിയുടെ തന്നെ പ്രത്യേക പ്രശംസയ്ക്ക് അർഹമാകാൻ കഴിഞ്ഞതും,ഭരണസമിതിയുടേയും,ജീവനക്കാരുടെയും കൂട്ടായ

യത്നത്തിന്റെ പ്രതിഫലനമാണ്.2021-22 വർഷം മികച്ച ഗ്രാമപഞ്ചായത്തിനുള്ള സംസ്ഥാന സർക്കാർ നൽകുന്ന സ്വരാജ് ട്രോഫിയും 10 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന് ലഭിച്ചു.ദീർഘവീക്ഷണം,നിശ്ചയദാർഢ്യം,പരസ്പരാശ്രയത്വം ഇവ ചേർത്തു പിടിച്ചു കൊണ്ടുള്ള ശ്രമങ്ങൾ വരും വർഷങ്ങളിലും ഇത്തരം നേട്ടങ്ങൾ കൈവരിക്കുന്നതിന് നമ്മൾക്ക് സാധ്യമാകും

നികുതി ദായകരുടെ നിസ്സീമമായ സഹകരണവും കൂട്ടായ യത്നത്തിന്റെ വിജയവുമാണ് ഇത്തരത്തിൽ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മൂന്ന് മാസം മുൻപ് തന്നെ നികുതിപിരിവ് പൂർത്തീകരിക്കാനായത്. ഉള്ള വിഭവങ്ങൾ യഥാസമയം ചെലവഴിക്കുന്നതിന് ഭരണസമിതിയും, നിർവഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കുന്നതിനാൽ ജില്ലയിലും സംസ്ഥാനത്തും മുന്നിലെത്താൻ സാധിക്കുന്നതും ചെറിയ കാര്യമല്ല. വരുന്ന സാമ്പത്തിക വർഷവും നേട്ടങ്ങളുടെ പട്ടികയിൽ ഇടം നേടാൻ മുന്നൊരുക്കങ്ങൾ നടത്തി ജനക്ഷേമകരമായ പദ്ധതികളുമായി ഈ ബജറ്റിലും കർത്തവ്യ നിർവഹണത്തിന്റെ പുതിയ പതിപ്പായി ഇന്ന് ഈ ബജറ്റ് നിങ്ങളുടെ സമക്ഷത്തിലേക്ക് സമർപ്പിക്കുന്നു

ഈ ബജറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ സഹകരണം നൽകിയ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.വി.വി.സജീവൻറെ നേതൃത്വത്തിലുള്ള ഭരണസമിതി അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് ആസൂത്രണ സമിതി അംഗങ്ങൾ തുടങ്ങിയ എല്ലാവർക്കും സസ്നേഹം നന്ദി അറിയിക്കുന്നു

(ഒപ്പ്)
ശ്യാമള പി

വൈസ് പ്രസിഡൻറ് & സ്റ്റാൻറിംങ് കമ്മിറ്റി ചെയർപേഴ്സൺ
വലിയപറമ്പഗ്രാമപഞ്ചായത്ത്

.

# VALIYAPARAMBA GRAMAPANCHAYAT

## BUDGET FOR YEAR 2024-25

| Particulars - ഇന വിവരം | | | Actuals for the year 2022-23 യഥാർത്ഥ കണക്ക് 2022-23 | Revised Budget for the year 2023-24 പരിഷ്കരിച്ച ബജറ്റ് 2023-24 | Budget for the year 2024-25 ബജറ്റ് 2024-25 |
|---|---|---|---|---|---|
| A | Opening balance(net) - പ്രാരംഭ ബാക്കി | WS-1 | -18,67,268 | -10,16,125 | 20,77,135 |
| B | a) Tax revenue - നികുതി വരുമാനം | BS-1 | 16,29,360 | 23,80,000 | 32,05,000 |
| C | b) Non tax revenue - നികുതിയിതര വരുമാനം | BS-2 | 3,68,483 | 16,65,000 | 19,80,000 |
| D | Total Own Fund - ആകെ തനത് ഫണ്ട് | (B+C) | 19,97,843 | 40,45,000 | 51,85,000 |
| E | c) General Purpose Fund - ജനറൽ പർപ്പസ് ഫണ്ട് | BS-3 | 68,31,520 | 83,00,000 | 88,96,000 |
| F | Total -ആകെ | (D+E) | 88,29,363 | 1,23,45,000 | 1,40,81,000 |
| G | d) Other Grants(Plan) - മറ്റ് റവന്യു ഗ്രാന്റുകള് -പദ്ധതി ചെലവുകൾക്ക് | BS-4 | 8,40,19,223 | 14,52,65,899 | 14,88,40,850 |
| H | e) Other Grants(Non-Plan) - മറ്റ് റവന്യു ഗ്രാന്റുകള് -പദ്ധതിയേതര ചെലവുകൾക്ക് | BS-5 | 2,21,02,720 | 4,00,00,000 | 4,00,00,000 |
| I | Toal Revenue Income - ആകെ റവന്യു വരവുകൾ | (F+G+H) | 11,49,51,306 | 19,76,10,899 | 20,29,21,850 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ | BS-6 | 0 | 50,00,000 | 2,09,000 |
| K | Capital Income other than loans - വായ്പ ഒഴികെ മൂലധന വരവുകൾ | BS-7 | 1,10,34,866 | 1,85,40,792 | 1,32,97,500 |
| L | Total Capital Income - ആകെ മൂലധന വരവുകൾ | (J+K) | 1,10,34,866 | 2,35,40,792 | 1,35,06,500 |
| M | Total Income - ആകെ വരവുകൾ | (I+L) | 12,59,86,172 | 22,11,51,691 | 21,64,28,350 |
| N | Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും | (M+A) | 12,41,18,904 | 22,01,35,566 | 21,85,05,485 |

| Particulars - ഇന വിവരം | | | Actuals for the year 2022-23 യഥാർത്ഥ കണക്ക് 2022-23 | Revised Budget for the year 2023-24 പരിഷ്കരിച്ച ബജറ്റ് 2023-24 | Budget for the year 2024-25 ബജറ്റ് 2024-25 |
|---|---|---|---|---|---|
| O | Revenue Expenditure-Statutory functions-റവന്യൂ ചെലവുകള് -അനിവാര്യ ചുമതലകൾക്ക് | BS-8 | 1,00,93,518 | 1,17,27,800 | 1,26,66,500 |
| P | Revenue Expenditure-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | BS-9 | 8,06,00,393 | 14,65,89,839 | 14,88,40,850 |
| Q | Revenue Expenditure-Non-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | BS-10 | 2,21,02,720 | 4,00,00,000 | 4,00,00,000 |
| R | Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ | (O+P+Q) | 11,27,96,631 | 19,83,17,639 | 20,15,07,350 |
| S | Capital Expenditure -Loan repayments - മൂലധന ചെലവുകള് -വായ്പ തിരിച്ചടവ് | BS-11 | 11,71,511 | 12,00,000 | 12,00,000 |
| T | Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ | BS-12 | 1,11,66,887 | 1,85,40,792 | 1,32,97,500 |
| U | Total Capital Expenditure - ആകെ മൂലധന ചെലവുകൾ | (S+T) | 1,23,38,398 | 1,97,40,792 | 1,44,97,500 |
| V | Total Expenditure - ആകെ ചെലവുകൾ | (R+U) | 12,51,35,029 | 21,80,58,431 | 21,60,04,850 |
| W | Closing Balance - നീക്കി ബാക്കി | (N-V) | -10,16,125 | 20,77,135 | 25,00,635 |

# VALIYAPARAMBA GRAMAPANCHAYAT

## BUDGET FOR YEAR 2024-25

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| WS 1 OPENING BALANCE (NET = BS17+BS15+BS12 - BS2-B24-BS7-BS9) | | -18,67,268 | -10,16,125 | 20,77,135 |
| INCOME | | | | |
| BS-1-REVENUE INCOME-TAXES | | | | |
| 1101001 | Property Tax-വസ്തു നികുതി | 9,79,013 | 16,00,000 | 21,00,000 |
| 1101101 | Service Tax-സേവന നികുതി | 50,427 | 80,000 | 1,05,000 |
| 1102001 | Profession Tax-തൊഴിൽ നികുതി | 5,99,920 | 7,00,000 | 10,00,000 |
| 110 | Total-Tax Revenue | 16,29,360 | 23,80,000 | 32,05,000 |
| BS-2--REVENUEINCOME-NON-TAX | | | | |
| 130 | Rental Income from Panchayat Properties | | | |
| 1308001 | Other Rents- മറ്റ് വാടകകൾ | 3,600 | 0 | 10,000 |
| 130 | Total-Rental Income from Panchayat Properties | 3,600 | 0 | 10,000 |
| 140 | Fees & User Charges | | | |
| 1401001 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 300 | 10,000 | 10,000 |
| 1401101 | Licence Fees-ലൈസൻസ് ഫീസ് | 32,460 | 50,000 | 50,000 |
| 1401201 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 1,68,669 | 8,00,000 | 11,00,000 |
| 1401301 | Fees for Certificate or Extract-സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 9,259 | 10,000 | 15,000 |
| 1402001 | Penalties and Fines-ഫൈൻ | 28,993 | 1,50,000 | 1,50,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 1404001 | Miscellaneous Fees-മറ്റ് ഫീസുകൾ | 5,970 | 3,00,000 | 3,00,000 |
| 140 | **Total-Fees & User Charges-** | **2,45,651** | **13,20,000** | **16,25,000** |
| 150 | **Sale & Hire Charges** | | | |
| 1501001 | Sale of Products-ഉൽപ്പന്നങ്ങളുടെ വില | 5,170 | 10,000 | 10,000 |
| 1501101 | Sale of Forms-ഫാറം വില | 36,293 | 80,000 | 80,000 |
| 1501201 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 10,410 | 40,000 | 40,000 |
| 150 | **Total-Sale & Hire Charges** | **51,873** | **1,30,000** | **1,30,000** |
| 151 | **Receipts from Transferred Institutions** | | | |
| 151 | **Total-Receipts from Transferred Institutions** | **0** | **0** | **0** |
| 170 | **Income from Investments** | | | |
| 170 | **Total-Income from Investments** | **0** | **0** | **0** |
| 171 | **Interest Earned** | | | |
| 1711001 | Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 41,080 | 60,000 | 60,000 |
| 1718001 | Other Interest-മറ്റ് പലിശ വരവുകൾ | 9,390 | 10,000 | 10,000 |
| 171 | **Total-Interest Earned** | **50,470** | **70,000** | **70,000** |
| 180 | **Other Income** | | | |
| 1801001 | Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | 16,639 | 30,000 | 30,000 |
| 1801101 | Lapsed Deposits-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 0 | 10,000 | 10,000 |
| 1804001 | Recovery from Employees-ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ | 0 | 5,000 | 5,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 1808001 | **Miscellaneous Income** | 250 | 1,00,000 | 1,00,000 |
| 180 | **Total-Other Income** | 16,889 | 1,45,000 | 1,45,000 |
| | **Total-Non tax revenue** | 3,68,483 | 16,65,000 | 19,80,000 |
| **BS-3-GENERALPURPOSEFUND** | | | | |
| 1601005 | **General purpose fund-ജനറൽ പർപ്പസ് ഫണ്ട്** | 68,31,520 | 83,00,000 | 88,96,000 |
| | **Total-General purpose fund** | 68,31,520 | 83,00,000 | 88,96,000 |
| **BS-4-REVENUEINCOMEPLANGRANTS** | | | | |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 5,45,85,867 | 6,13,88,000 | 6,58,00,000 |
| 3202001 | **Development Fund - വികസന ഫണ്ട്** | 2,63,82,163 | 5,27,63,742 | 6,96,18,750 |
| 3204001 | Grants, Funds & Contributions for Specific Purposes - Financial Institutions - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 3,80,000 | 13,40,000 | 31,00,000 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം- | 17,20,268 | 1,42,80,750 | 35,59,500 |
| 3207004 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്) | | 1,24,09,557 | 0 |
| 3208001 | Other Grants, Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 9,50,925 | 30,83,850 | 67,62,600 |
| 320 | **Total Revenue income Plan Grants** | 8,40,19,223 | 14,52,65,899 | 14,88,40,850 |
| **BS-5-REVENUEINCOME-NONPLANGRANTS** | | | | |
| 160 | **Revenue Grants, Funds, Contributions & Compensations** | | | |
| 1601003 | **State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ** | 2,21,02,720 | 4,00,00,000 | 4,00,00,000 |
| 160 | **Total-Revenue Grants, Funds, Contributions & Compensations** | 2,21,02,720 | 4,00,00,000 | 4,00,00,000 |
| **BS-6-CAPITALINCOME-LOANS** | | | | |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 330 | **loans** | | | |
| 3305002 | **loans - Loan from Financial Institutions-**മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ | | 50,00,000 | 2,09,000 |
| 330 | **Total-loans** | 0 | 50,00,000 | 2,09,000 |
| **BS-7Capitalincomeotherthanloans** | | | | |
| 3207001 | Contributions for Joint Venture Projects (for Capital Expenditure) - | | 15,00,000 | 0 |
| 3207003 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യു ചെലവുകൾക്ക്) | | 10,34,160 | 0 |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 28,92,683 | 37,88,900 | 24,00,000 |
| 3202001 | **Development Fund - വികസന ഫണ്ട്** | 81,42,183 | 1,22,17,732 | 96,19,250 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 0 | 12,78,250 |
| 320 | **Total Capital income other than loans** | 1,10,34,866 | 1,85,40,792 | 1,32,97,500 |
| | **TOTAL INCOME** | 12,59,86,172 | 22,11,51,691 | 21,64,28,350 |
| **EXPENDITURES** | | | | |
| **BS-8-RevenueExpenditure-Mandatoryfunctions** | | | | |
| 210 | **Establishment Expenses** | | | |
| 2101001 | **Salaries-ശമ്പളം** | 60,12,491 | 60,00,000 | 62,50,000 |
| 2101002 | **Wages-കൂലി** | 3,38,218 | 3,73,630 | 4,00,000 |
| 2101003 | **Bonus-ബോണസ്** | 14,831 | 10,358 | 11,000 |
| 2102001 | **Travelling Allowances-യാത്രാ ബത്ത** | 94,012 | 1,20,467 | 1,40,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2102002 | Other Benefits and Allowances-മറ്റ് ബത്തകൾ | 2,49,538 | 3,00,000 | 3,00,000 |
| 2102003 | Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം | 14,14,461 | 16,00,000 | 17,00,000 |
| 2102004 | Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 1,20,100 | 2,00,000 | 2,25,000 |
| 2102005 | Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 1,16,122 | 1,30,000 | 1,40,000 |
| 2103001 | Pension Contributions-പെൻഷൻ കോൺട്രിബ്യൂഷൻ | 7,40,442 | 7,50,000 | 8,00,000 |
| 2103002 | Leave Salary Contributions-അവധി ശമ്പളം | 2,20,583 | 5,00,000 | 5,50,000 |
| 2104001 | Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 0 | 1,17,845 | 2,00,000 |
| 210 | Total | 93,20,798 | 1,01,02,300 | 1,07,16,000 |
| 220 | Administrative Expenses | | | |
| 2201003 | Taxes-നികുതി | 0 | 2,000 | 2,000 |
| 2201101 | Office Maintenance-ഓഫീസ് ചെലവുകൾ | 42,367 | 70,000 | 80,000 |
| 2201201 | Communication Expenses-വാർത്താ വിനിമയ ചെലവുകൾ | 1,24,279 | 1,30,000 | 1,30,000 |
| 2202001 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 16,873 | 20,000 | 20,000 |
| 2202101 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 24,000 | 1,50,000 | 2,00,000 |
| 2204001 | Insurance and Registration-ഇന്ഷുറൻസ്/രജിസ്ട്രേഷൻ | 33,990 | 50,000 | 50,000 |
| 2205201 | Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 4,925 | 7,000 | 7,000 |
| 2206001 | Advertisement & Publicity-പരസ്യവും പ്രചരണവും | 0 | 30,000 | 40,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2206101 | Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ | 8,000 | 0 | 10,000 |
| 2207001 | Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ | 0 | 30,000 | 40,000 |
| 2207101 | Extra - ordinary Expenses-അസാധാരണ ചെലവുകൾ | 1,000 | 0 | 10,000 |
| 2208001 | Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ | 1,32,679 | 2,50,000 | 3,00,000 |
| 220 | Total | 3,88,113 | 7,39,000 | 8,89,000 |
| 230 | Operations & Maintenance | | | |
| 2301001 | Power-വൈദ്യുതി/ഊർജം | 22,047 | 3,30,000 | 3,30,000 |
| 2301002 | Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ് | 1,75,216 | 2,20,000 | 3,00,000 |
| 2303001 | Consumption of Stores | 7,200 | 0 | 10,000 |
| 2304001 | Hire Charges-വാടക | 20,656 | 0 | 20,000 |
| 2305001 | Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ | 0 | 15,000 | 20,000 |
| 2305009 | Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ | 1,26,737 | 1,50,000 | 2,00,000 |
| 2308001 | Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 32,040 | 20,000 | 30,000 |
| 230 | Total | 3,83,896 | 7,35,000 | 9,10,000 |
| 240 | Interest & Finance Charges | | | |
| 2407001 | Bank Charges-ബാങ്ക് ചാർജ് നൽകൽ | 711 | 1,500 | 1,500 |
| 2408001 | Other Finance Expenses-ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ | 0 | 1,50,000 | 1,50,000 |
| 240 | Total | 711 | 1,51,500 | 1,51,500 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| | TOTAL STATUTORY EXPENDITURE | 1,00,93,518 | 1,17,27,800 | 1,26,66,500 |
| **BS-9RevenueExpenditurePlan** | | | | |
| 250 | **Decentralised Plan Programme - Productive Sector** | | | |
| 2501001 | **Agriculture and Related Sectors - Paddy**-കൃഷിയും അനുബന്ധ മേഖലകളും - നെൽകൃഷി | 3,12,980 | 2,04,000 | 1,30,500 |
| 2501002 | **Agriculture and Related Sectors - Other crops**-കൃഷിയും അനുബന്ധ മേഖലകളും-മറ്റ് വിളകൾ | 3,57,900 | 5,83,500 | 2,40,000 |
| 2501009 | **Agriculture and Related Sectors - Coconut**-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി | 12,71,656 | 27,00,000 | 25,36,000 |
| 2501011 | **Agriculture and Related Sectors - Vegetables**-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | 9,92,000 | 11,58,200 | 14,39,000 |
| 2501014 | **Agriculture and Related Sectors -Horticulture**-കൃഷിയും അനുബന്ധ മേഖലകളും- | 35,000 | 55,440 | 0 |
| 2501017 | **Agriculture and Related Sectors -Floriculture**-കൃഷിയും അനുബന്ധ മേഖലകളും | 0 | 4,29,000 | 3,80,000 |
| 2501019 | **Agriculture and Related Sectors -Pepper**-കൃഷിയും അനുബന്ധ മേഖലകളും-കുരുമുളക് | 0 | 30,000 | 2,00,000 |
| 2501023 | **Agriculture and Related Sectors - Apiculture**-കൃഷിയും അനുബന്ധ മേഖലകളും | 20,000 | 0 | 0 |
| 2501025 | **Agriculture and Related Sectors - Infrastructure**-കൃഷിയും അനുബന്ധ മേഖലകളും | 0 | 1,75,000 | 6,10,000 |
| 2501031 | **Animal Husbandry -Cow**-മൃഗ സംരക്ഷണം-പശു വളർത്തൽ | 2,30,175 | 6,89,520 | 5,26,400 |
| 2501035 | **Animal Husbandry -Poultry**- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ | 4,73,400 | 6,23,480 | 6,99,400 |
| 2501039 | **Animal Husbandry -Infrastructure**-മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ | 98,752 | 3,40,166 | 1,00,000 |
| 2501040 | **Animal Husbandry -Disease Control**-മൃഗ സംരക്ഷണം-രോഗ നിയന്ത്രണം | 0 | 2,00,000 | 2,00,000 |
| 2501041 | **Animal Husbandry -Related Facility**-മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ | 29,250 | 2,00,000 | 50,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2501046 | Dairy Development -Storage and Marketing-ക്ഷീര വികസനം-സംഭരണവും വിപണനവും | 4,80,175 | 2,50,000 | 2,75,000 |
| 2501060 | Fish Marketing-മത്സ്യ വിപണനം | 0 | 1,24,440 | 0 |
| 2501062 | Fisheries Related Facilities-മത്സ്യ ബന്ധനം -അനുബന്ധ സൌകര്യങ്ങൾ | 11,79,728 | 13,80,000 | 20,80,000 |
| 2502001 | Soil and Water Conservation - മണ്ണ് ജല സംരക്ഷണം | 0 | 1,00,000 | 0 |
| 2503001 | Small scale industries and Micro enterprises- ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും | 0 | 16,75,000 | 14,20,000 |
| 2503015 | Service Enterprises-സേവന സംരംഭങ്ങൾ | 44,837 | 50,000 | 50,000 |
| 2503016 | Market Promotion-വിപണന പ്രോത്സാഹന പരിപാടികൾ | 1,37,855 | 0 | 1,00,000 |
| 2504001 | Environment Conservation -പ്രകൃതി സംരക്ഷണം | 0 | 3,56,251 | 50,100 |
| 250 | Total-Decentralised Plan Programme - Productive Sector | 56,63,708 | 1,13,23,997 | 1,10,86,400 |
| 251 | Decentralised Plan Programme - Service Sector | | | |
| 2510115 | Literacy Equivalance Examination-സാക്ഷരത -തുല്യതാ പരീക്ഷ | 1,62,600 | 1,65,000 | 1,00,000 |
| 2511002 | Primary Education-പ്രൈമറി വിദ്യാഭ്യാസം | 14,15,134 | 10,50,933 | 6,50,000 |
| 2511005 | Technical Education-സാങ്കേതിക വിദ്യാഭ്യാസം | 0 | 1,00,000 | 0 |
| 2511011 | Continuing Education and Non-formal Education അനൌപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | 0 | 2,82,200 | 0 |
| 2511016 | Reading Rooms ,Libraries - Periodicals-വായന ശാലകളും റീഡിംഗ് റൂമുകളും-ആനുകാലികങ്ങൾ | 50,000 | 59,000 | 50,000 |
| 2511017 | Grama sabha/Ward sabha Center-ഗ്രാമ സഭ/വാർഡ് സഭ കേന്ദ്രങ്ങൾ | 0 | 20,000 | 24,000 |
| 2511019 | Arts,Culture,Sports and Youth Welfare-Promotion-കല-സംസ്കാരം-സ്പോട്സ്-യുവജന ക്ഷേമം-പ്രോത്സാഹന പരിപാടികൾ | 1,90,907 | 3,09,535 | 1,30,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2511020 | Arts,Culture,Sports and Youth Welfare-Infrastructure-കല-സംസ്കാരം-സ്പോട്സ്-യുവജനക്ഷേമം-പശ്ചാത്തല സൗകര്യങ്ങൾ | 0 | 0 | 78,000 |
| 2512001 | PHC, CHC &Other Hospitals/Dispensaries-ഹെൽത്ത് സെന്ററുകള് /ആസ്പത്രികള് /ഡിസ്പന്സറികൾ | 22,38,686 | 45,60,598 | 36,77,440 |
| 2512003 | Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി | 13,44,540 | 2,40,000 | 3,00,000 |
| 2512004 | Medicines-മരുന്നുകൾ | 0 | 19,00,000 | 20,00,000 |
| 2512008 | Drinking Water-കുടിവെള്ളം | 14,41,666 | 52,80,500 | 97,50,000 |
| 2512014 | Ayurveda Dispensary-ആയുർവേദ ഡിസ്പന്സറി | 8,80,585 | 11,60,762 | 12,50,000 |
| 2512018 | Homeo Dispensary-ഹോമിയോ ഡിസ്പന്സറി | 1,00,000 | 3,00,000 | 6,75,000 |
| 2512026 | Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം | 6,63,443 | 78,92,920 | 72,13,400 |
| 2512027 | Crematorium- ശ്മശാനങ്ങൾ | 0 | 10,00,000 | 5,00,000 |
| 2513001 | Housing-ഭവന നിർമാണം | 59,68,061 | 3,04,91,458 | 2,63,18,847 |
| 2513005 | Programs for the Aged-വൃദ്ധക്ഷേമ പരിപാടികൾ | 2,48,400 | 5,58,000 | 18,30,000 |
| 2513006 | Programs for Physically/ Mentally Challenged-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 11,67,500 | 32,75,000 | 28,75,000 |
| 2513008 | Total Poverty Alleviation Programs-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ | 5,34,21,492 | 6,00,35,000 | 6,50,00,000 |
| 2513010 | Special Programs for Scheduled Castes-പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ | 3,42,194 | 2,65,000 | 43,72,000 |
| 2513012 | Other Social Security Programs-മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ | 39,121 | 0 | 0 |
| 2514001 | Development Programs for Women and Children -വനിതാ ശിശു ക്ഷേമ പരിപാടികൾ | 31,295 | 10,21,000 | 6,10,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2514101 | Anganwadi Nutrition-അംഗൻവാടി പോഷകാഹാര പരി പാടി | 16,42,969 | 20,00,000 | 20,00,000 |
| 2514201 | Anganwadi Infrastructure-അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ | 9,17,483 | 18,56,126 | 20,80,000 |
| 2516005 | General Economic Services- Plan Formulation, Monitoring and Evaluation-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 2,94,227 | 2,50,000 | 2,50,000 |
| 2516006 | General Economic Services- Good Governance -സൽ ഭരണം | 66,238 | 4,64,040 | 20,000 |
| 2516502 | Transferred Institution Service Delivery Improvement- ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കൽ | 6,53,241 | 6,00,000 | 0 |
| 251 | Total-Decentralised Plan Programme - Service Sector | 7,32,79,782 | 12,51,37,072 | 13,17,53,687 |
| 252 | Decentralised Plan Programme - Infrastructure Sector | | | |
| 2521001 | Energy - Electrification of Street Lights-തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം | 7,18,017 | 4,00,000 | 3,25,000 |
| 2521003 | Non-conventional Energy-പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ | 0 | 1,50,000 | 1,00,000 |
| 2522001 | Roads-റോഡുകൾ | 0 | 75,13,007 | 28,00,000 |
| 2522007 | Vehicles-വാഹനങ്ങൾ | 0 | 2,00,000 | 2,60,000 |
| 2523001 | Public Buildings- പൊതു കെട്ടിടങ്ങൾ | 2,47,444 | 7,00,000 | 0 |
| 252 | Total | 9,65,461 | 89,63,007 | 34,85,000 |
| 253 | Projects not included in Sector Division | | | |
| 2531006 | Asraya Projects for Rehabilitation of Destitute-ആശ്രയ പദ്ധതി | 4,000 | 0 | 2,00,000 |
| 2531007 | Integrated Five Year Programs-സംയോജിത പഞ്ചവൽസര പരിപാടി | 0 | 1,50,000 | 0 |
| 2531009 | Computerisation of Panchayats-പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം | 3,38,945 | 3,71,940 | 3,71,940 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 2531011 | Contribution towards SSA - SSA പദ്ധതിക്കുള്ള വിഹിതം | 3,00,000 | 5,00,000 | 5,00,000 |
| 2531012 | Payments to IKM-ഐ.കെ.എംനുള്ള പണം നൽകൽ | 48,497 | 1,43,823 | 1,43,823 |
| 2531014 | Payments to Drinking Water-കുടിവെള്ളത്തിനുള്ള പണം നൽകൽ | 0 | 0 | 13,00,000 |
| 253 | Total-Projects not included in Sector Division | 6,91,442 | 11,65,763 | 25,15,763 |
| 255 | Maintenance Projects | | | |
| 255 | Total | 0 | 0 | 0 |
| 256 | Other Revenue Grants and funds | | | |
| 256 | Other Revenue Grants and funds | 0 | 0 | 0 |
| 260 | Grants, Contributions and Compensations from Own Fund | | | |
| 260 | Grants, Contributions and Compensations from Own Fund | 0 | 0 | 0 |
| BS12CAPITALEXPENDITUREOTHERTHANLOANS | | | | |
| 4101001 | Land | | 0 | 35,00,000 |
| 4102001 | Buildings | 43,15,862 | 35,80,360 | 20,00,000 |
| 4103001 | Roads | 36,82,724 | 35,96,236 | 26,00,000 |
| 4103003 | Culverts, Bridges & Other constructions | | 3,36,686 | 0 |
| 4104001 | Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks etc.) | 2,55,354 | 3,00,000 | 0 |
| 4106001 | Electricity | | 16,46,244 | 32,00,000 |
| 4107001 | Waste Treatment | | 76,35,501 | 16,97,500 |
| 4107101 | Movable Assets | 29,12,947 | 14,45,765 | 3,00,000 |

| Code | Budget Head | Actuals for the year 2022-23 | Revised Budget for the year 2023-24 | Budget for the year 2024-25 |
|---|---|---|---|---|
| 410 | Total | 1,11,66,887 | 1,85,40,792 | 1,32,97,500 |
| | TOTAL PLAN REVENUE EXPENDTURE | 8,06,00,393 | 14,65,89,839 | 14,88,40,850 |
| | TOTAL PLAN CAPITAL EXPENDITURE | 1,11,66,887 | 1,85,40,792 | 1,32,97,500 |
| **TOTALPLANEXPENDITURE** | | 9,17,67,280 | 16,51,30,631 | 16,21,38,350 |
| **BS-10-RevenueExpenditure-BFUND&STATESPONSOREDSCHEMES** | | | | |
| 254 | Expenditures of Transferred Institutions (not included under Decentralised Plan | | | |
| 2542001 | State Sponsored Schemes (not included under Decentralised Plan Programme)-സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ | 2,21,02,720 | 4,00,00,000 | 4,00,00,000 |
| 254 | Total-Expenditures of Transferred Institutions (not included under | 2,21,02,720 | 4,00,00,000 | 4,00,00,000 |
| **BS-11CAPITALEXPENDITURE-LOANREPAYMENTS** | | | | |
| 330 | Loans | | | |
| 3305002 | loans - Loan from Financial Institutions | 11,71,511 | 12,00,000 | 12,00,000 |
| | Total-loans | 11,71,511 | 12,00,000 | 12,00,000 |
| | TOTAL EXPENDITURE | 12,51,35,029 | 21,80,58,431 | 21,60,04,850 |
| | CLOSING BALANCE | -10,16,125 | 20,77,135 | 25,00,635 |

## BS-13- RECEIPT AND REFUND OF DEPOSIT (ഡപോസിറ്റ് വരവും,മടക്കിനല്കലും)

| DETAILED HEAD CODE | PARTICULARS(ഇനവിവരം) | Budget Estimates 2023-24 (ബജറ്റ്-2023-24) വരവ് | Budget Estimates 2023-24 (ബജറ്റ്-2023-24) മടക്കി നൽകൽ |
|---|---|---|---|
| 340 10 01 | **Earnest Money Deposit-**നിരതദ്രവ്യം | 2,00,000 | 2,00,000 |
| 340 10 02 | **Security Deposit-**സെക്യൂരിറ്റി നിക്ഷേപം | 2,00,000 | 2,00,000 |
| 340 10 03 | **Retention-**റിടെൻഷൻ | 50,000 | 50,000 |
| 340 10 99 | **Other Deposits-**മറ്റ് നിക്ഷേപങ്ങൾ | 1,50,000 | 1,50,000 |
| 340 20 01 | **Deposits-Revenue-**റവന്യൂ നിക്ഷേപങ്ങൾ | 0 | 0 |
| 340 30 01 | **Deposits Received From Staff-**ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ | 0 | 0 |
| 340 80 01 | **Deposit Received from Others-**മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ | 0 | 0 |
| 350 11 01 | **Employee Liabilities –**ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ | 0 | 0 |
| 350 20 01 | **Recoveries Payable -**റിക്കവറികൾ അടവാക്കനുള്ളത് | 15,00,000 | 15,00,000 |
| 350 20 02 | **Recoveries Payable - Deductions FROM WORK BILLS-**വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത് | 1,35,000 | 1,35,000 |
| 350 30 01 | **Government and Other Dues Payable-**സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ | 1,00,000 | 1,00,000 |
| 110 | **Total ആകെ** | 23,35,000 | 23,35,000 |